മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശക്കരയുടെ വില പരിഹരിക്കുവാനാണ് എന്നു പറയുന്നത് പഞ്ചസാരക്ക വില കൂട്ടുവാൻ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഒന്നല്ലെ എന്നു അനേഷിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അനേഷിക്കാം.

POLICE LINE—NEMMARA POLICE STATION—LAND ACQUISITION

225. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) നെമ്മാറ പോലീസ് സ്റ്റേഷനടുത്തു പോലീസ് ലൈൻ കെട്ടേണ്ട ആവശ്യത്തിനു സ്ഥലം അകപയർചെയ്തു എടുത്തിട്ട് എത്ര കാലമായി;

(ബി) ടി സ്ഥലത്തു ലൈൻ പണിയാത്തതിനു കാരണമെന്താണ്;

(സി) ടി സ്ഥലത്തു വല്ല കൃഷിയും ചെയ്യാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കൃഷിചെയ്തുവന്നിരുന്ന സ്ഥലമായിരുന്നിട്ടും എന്തുകൊണ്ടു കൃഷി ചെയ്യുന്നില്ല?

റാവുബഹദൂർ ടി. കെ. നായർ: (എ) ഉ ണ്ട് കൊല്ലം. (ഉ ദ ാ ഹ ര ണ ത്തിൽ ആണ് സ്ഥലം അകപയർ ചെയ്തതു.)

(ബി) വേണ്ടത്ര പണം അലോട്ടുചെയ്യുവാൻ സാധിക്കാത്തതുകൊണ്ടു.

(സി) ഇല്ല.

(ഡി) അടുത്തകാലംവരെ മലവക ഡിപ്പാർട്ടുമെണ്ടുവക തടികൾ ആ സ്ഥലത്തു ശേഖരിച്ചിരുന്നു. സ്ഥലം അധികഭാഗവും പനവൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞുനില്ക്കുന്നു. ഉദ്ദേശം രണ്ടുകൊല്ലങ്ങൾക്കു മുമ്പു കൊള്ളികൃഷി നടത്തിനോക്കി. പക്ഷെ അതു ഫലപ്രദമായില്ല.

മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: ഈ അകപയർസ്ഥലത്തു മുമ്പു നെൽകൃഷി ചെയ്തിരുന്നതാണ്. അതുകൊണ്ടു ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടുന്നില്ലെങ്കിൽ അതു മടക്കിക്കൊടുത്താൽ തരക്കേടില്ല. അന്നല്ലെങ്കിൽ ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടണം. അല്ലെങ്കിൽ ഗവർമ്മെണ്ടു അതു മടക്കിക്കൊടുക്കണം. ഇതു രണ്ടിലൊന്നു ചെയ്താൽ തരക്കേടില്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: പോലീസു ലൈൻ കെട്ടുവാൻ എത്ര സംഖ്യവേണമെന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഏകദേശം ആറായിരം ഉറുപ്പികയോളം വരും.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ആറായിരം ഉറുപ്പിക ഉണ്ടാക്കുവാനായിട്ടു കൊച്ചിഗവർമ്മെണ്ടിനു പതിനേഴുകൊല്ലമായിട്ടും സാധിച്ചിട്ടില്ലെന്നാണൊ പറയുന്നതു?

റാവുബഹദൂർ ടി. കെ. നായർ: മറുപടി കണ്ടാൽ എതാണ്ടു അങ്ങിനെതന്നെയാണ് എനിക്കും തോന്നുന്നതു. മേലിൽ അതു ചെയ്യുവാനായിട്ടു ആലോചിക്കാം.

മിസ്റ്റർ പി. ശങ്കരമേനോൻ: ആദ്യം എസ്റ്റിമേറു തയ്യാറാക്കാതെയാണൊ ഈ അകപിസിഷൻ നടത്തിയതു?

റാവുബഹദൂർ ടി. കെ. നായർ: ആദ്യം എസ്റ്റിമേറു തയ്യാറാക്കിയിട്ടുണ്ടോ എന്നു നോക്കണം.

TENDER FOR SOFT WOOD—CHALAKKUDI DEPOT—PARTICULARS OF

226. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫർണ്ണിച്ചറിൽ ചാലക്കുടി ഡെപ്പോവിൽനിന്നു ൨, ൦ ൦ ൦ ടൺ സോഫ്ടു വുഡ് ടെണ്ടർ വിളിക്കുകയുണ്ടായോ;

(ബി) നാരകശ്ശേരി ബാലകൃഷ്ണൻ എന്നൊരാളും വി. കെ. ശ്രീധരൻ എന്നൊരാളും ചേർന്നു ഫർണ്ണിച്ചർ ഗ്രൂപ്പാ റേറിൽ ആ തടിക്കു ടെണ്ടർ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഈ തടിക്കു വേറെ ആരെല്ലാമാണു ഏതു റേറിനു ടെണ്ടർ നൽകിയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

(ഡി) ഏറ്റവും കൂടുതൽ റെയിറ്റിനുള്ള ടെണ്ടർ ആരുടേതായിരുന്നു; അതിനാണ് തടി കൊടുത്തത്;

(ഇ) ഏറ്റവും കൂടിയ ടെണ്ടർകാരിക്കല്ല തടി വിറ്റതെങ്കിൽ എന്തുകൊണ്ടാണ് അങ്ങിനെ ചെയ്തത്;

(എഫ) ഈ തടി ഫൻ ര ന്നു നവമ്പർ ഫഫ-ാംനു- മിസ്റ്റർ കെ. വി. നാരായണന്റെ പേരിലേക്കു ട്രാൻസ്ഫർ ചെയ്യുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വ്.

(ബി) നാരകശ്ശേരി ബാലകൃഷ്ണനും വള്ളിക്കാടൻ ശ്രീധരനും ചേർന്ന് ഫ ഫ ക. റേറിൽ തടികൾ എടുക്കാമെന്നു പറഞ്ഞു ടെണ്ടർ നൽകുകയുണ്ടായി.

(സി) ടി. പി. ഫ്രാൻസിസ് ക. ഫ ൦ ഫ— ര — ൦ തുകയും കെ. കെ. ലക്ഷ്മണൻ ക. ഫ ൦ ൬— ൦— ൦ തുകയും ടെണ്ടറുകൾ അയക്കുകയുണ്ടായി.

(ഡി) പിന്നീട് മേൽ (ബി) യിൽ പറഞ്ഞവരുടെ ടെണ്ടറുകളിലും കൂടിയ ഒരു ടെണ്ടർ മിസ്റ്റർ സി. കെ. എസ്സ്. മണി തരികയും ടിയാനു തടി വില്ക്കുകയും ചെയ്തു.

(ഇ) മേല്പറഞ്ഞ ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(എഫ്) ഉവ്വ്. ട്രാൻസ്ഫർ ചെയ്തതു കെ. വി. നാരായണൻ, കെ. ഇ. ഇമ്പിച്ചൻ എന്നിവരുടെ പേരിലാണ്.

Mr. P. K. Dewer (*Nominated*): I have put the question twice, Sir.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I have got up twice and I am not able to catch the eye of the Chair. I request that I may be allowed to ask some supplementary questions in spite of the Deputy President.

Mr. President: It is true that Hon'ble member stood up and was not able to catch my eyes. But after the other Hon'be Member has finished his question I paused sufficiently long and my eyes went round. I did not see anyone standing. Therefore I called upon Mr. Dewer.

Mr. P. Govinda Menon (*Ernakulam*): May I point out that a member of the House not catching the eye of the President is a parliamentary devise of stopping a prolonged debate.

Mr. President: But in this particular instance even though it may be so, my eyes went round, and unfortunately I did not see him.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I also point out to the Chair the devise of the sort attempted by the Hon'ble leader of the opposition is a method of trifling the discussion of the question.

Mr. President: The House may be rest assured that such devices will be unfair.

മിസ്റ്റർ പി. കെ. ഡീവർ: ഈ (ഡി) യിൽ പറയുന്ന ആളുടെ കൂടിയ നിരക്കിലുള്ള ടെണ്ടർ എന്നാണ് കിട്ടിയതു് എന്നു പറയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ— വ— ര ന്നു ലാണ്.

മിസ്റ്റർ പി. കെ. ഡീവർ: ടെണ്ടർ ഇന്ന സമയത്താണെന്നു് മറ്റവരോടു പറഞ്ഞിട്ടുണ്ടായിരുന്നുവല്ലൊ. ആ ദിവസം കഴിഞ്ഞിട്ടു് എത്രനാൾ കഴിഞ്ഞിട്ടാണ് (ഡി) യിൽ പറയുന്ന ആളുടെ ടെണ്ടർ കിട്ടിയതു് എന്നു പറയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കുറെ ദിവസം കഴിഞ്ഞിട്ടാണെന്നു സമ്മതിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: (ഡി) യിൽ പറയുന്ന തുകക്കു് എത്ര ഉറപ്പുണ്ടാക്കാണ് വിറ്റതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ൭ രൂപക്കു്.

മിസ്റ്റർ പി. കെ. ഡീവർ: ആദ്യം ടെണ്ടർ തന്നവരിൽ ഒരാൾ ഫ ൦ ൭ ക. ക്കു ടെണ്ടർ തരുകയുണ്ടായി എന്നു പറഞ്ഞിട്ടുണ്ടു്. ഈ ആളും കുറെ ദിവസം കഴിഞ്ഞു ടെണ്ടർ തന്ന ആളും തമ്മിലുള്ള ബന്ധം ഗവണ്മെണ്ടിനറിയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ. പി. കെ. ഡീവർ: ആ ആളും അളേഹത്തിന്റെ ആളിയനാണെന്നു ഗവണ്മെണ്ടിനു നിശ്ചയമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയാണെങ്കിൽ അതു ഗവമ്മെണ്ടു സമ്മതിക്കാം. എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ കെ. ടി. അച്യുതൻ: ഗവമ്മെണ്ടു് എന്തുകൊണ്ടാണു രണ്ടാമതു ടെണ്ടർ വിളിക്കാതെ കൊടുത്തതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിൽ കാണുന്നതു് ആദ്യം ₹ 0 ₹ ക. ക്കും ₹ 0൭ ക. ക്കും ടെണ്ടർ കിട്ടി. പിന്നെ ഒരാൾ ₹ ₹ ൫ ക. ക്കു ടെണ്ടർ തന്നപ്പോൾ അയാൾക്കു കൊടുക്കുവാൻ തീരുമാനിച്ചിയെന്നാണു്. ഇതു് അന്നത്തെ ഗവമ്മെണ്ടിനുവേണ്ടിയാണു് പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ₹ ₹ ൫ ക. ക്കു ടെണ്ടർ വന്നപ്പോൾ ആദ്യം ₹ 0 ₹ ക. ക്കു ടെണ്ടർ വെച്ചിരുന്ന ആളുകളോടു് ആ വിലക്കു എടുക്കുവാൻ അവർ തയ്യാറുണ്ടോ എന്നു ഗവമ്മെണ്ടു ചോദിച്ചിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചോദിച്ചതായിട്ടു കാണുന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇതു് അന്നത്തെ ഗവമ്മെണ്ടിനുവേണ്ടിയാണു് പറയുന്നതു് എന്നു പറഞ്ഞു. ആ ഗവമ്മെണ്ടും ഇന്നത്തെ ഗവമ്മെണ്ടും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവമ്മെണ്ടെല്ലാം ഒന്നാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ആരുടെ കാലത്താണു് ഇതു ചെയ്തതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതറിയാമല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: ആരവിടെ ഇരുന്നിരുന്ന കാലത്താണു് ഇതുണ്ടായതു് എന്നു പറയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ദിവാൻജിയും നാലു മന്ത്രിമാരും ഇരുന്നിരുന്ന കാലത്താണു്.

മിസ്റ്റർ പി. കെ. ഡീവർ: അന്നു് ഈ ഡിപ്പാർട്ടുമെണ്ടു ഭരിച്ചിരുന്ന ആൾ ആരാണെന്നു പറയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡിപ്പാർട്ടുമെണ്ടു ദിവാൻജിയുടെ ഭരണത്തിലായിരുന്നു.

മിസ്റ്റർ ജോസ്സു് കെ. വറ്റീസു്: ടെണ്ടറിന്റെ തിയ്യതി കഴിഞ്ഞിട്ടു കുറച്ചുദിവസം കഴിഞ്ഞാലും കൂടുതൽ നിരക്കിനുള്ള ടെണ്ടർ വന്നാൽ അതു ഗവമ്മെണ്ടു സ്വീകരിക്കാറില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ സ്വീകരിക്കുന്നതു നല്ലതല്ല. പക്ഷെ സ്വീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇങ്ങിനെയുള്ള കാര്യങ്ങൾ വരുമ്പോൾ Re-tender ചെയ്യുകയല്ലെ ഗവമ്മെണ്ടു ചെയ്യാറുപതിവു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ ചെയ്യാറുപതിവുണ്ടു്. നല്ല പോളിസി അതല്ല. ടെണ്ടർ വെച്ചിട്ടു കൂടുതലൊ കുറവൊ എന്നു നോക്കി ഒരാളെ എല്ലിക്കുകയായിരിക്കും നല്ലതു്.

മിസ്റ്റർ പി. കെ. ഡീവർ: ₹ ₹ ൫ രൂപാക്കു് ഒരാൾ ടെണ്ടർ തന്നപ്പോൾ ₹ 0 ₹ ക. ക്കു ടെണ്ടർ തന്ന ആളോടു ചോദിച്ചുവൊ ആ വിലക്കു അയാൾക്കു് എടുക്കുവാൻ സാധിക്കുമോ എന്നു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചോദിച്ചില്ല.

മിസ്റ്റർ പി. കെ. ഡീവർ: ചോദിക്കേണ്ട മര്യാദ ഉണ്ടെന്നു ഗവമ്മെണ്ടിനു തോന്നീട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇയാൾക്കു കൊടുത്താൽ കുറച്ചു ലാഭമുണ്ടു്. അതു കൊണ്ടു കൊടുത്തു.

മിസ്റ്റർ പി. കെ. ഡീവർ: ഇതുപോലെ ഇതിനുമുമ്പു കൊടുത്തിട്ടുണ്ടു് എന്നുള്ളതിനു് ഒരു ഉദാഹരണം പറയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. ടി. അച്യുതൻ: ട്രാൻസ്ഫർ ചെയ്തതു് ഇയാൾക്കു കൊടുത്തതിനു് എത്ര ദിവസം കഴിഞ്ഞതിനു ശേഷമാണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അധികം താമസിച്ചില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് ട്രാൻസ്ഫർ ചെയ്ത എന്നു ബോദ്ധ്യമായതിലേക്കു് മേടിച്ചു അതുള്ളു ഇതു കൊണ്ടുപോയതു് എന്നു തീർച്ചയാണു്. ഇതു കൊണ്ടുപോയ ആൾ ഫ ഫ ഉ കു യിൽ കൂടുതൽ വിലക്കു് എടുക്കുവാൻ തയ്യാറുണ്ടെങ്കിൽ അയാൾക്കു കൊടുക്കുവാൻ വിരോധമുണ്ടായിരുന്നുവൊ ?

SCHEME FOR BUILDING CONSTRUCTION—ADOPTION OF

227. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്തു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മദ്രാസ്, ബോംബെ മുതലായ പ്രവിശ്യകളിലെ മന്ത്രിസഭകൾ അംഗീകരിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള ഭവനനിർമ്മാണപദ്ധതി ഗവണ്മെണ്ടു ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ഗവണ്മെണ്ടിനു് അതുപോലെയുള്ള വല്ല പദ്ധതിയും ആലോചനയിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ നടപ്പിൽ വരുത്തുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുകയോ മറ്റൊ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഇല്ല.

(ബി) തൽക്കാലം സംസ്ഥാനത്തുള്ള പട്ടണങ്ങളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭവനനിർമ്മാണപദ്ധതി ഈ ഗവണ്മെണ്ടിന്റെ ആലോചനയിൽ ഉണ്ടു്.

(സി) ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്തു്: പട്ടണങ്ങളിലെ ഭവനനിർമ്മാണ പദ്ധതി എത്ര കൊല്ലംകൊണ്ടു് പൂർത്തിയാക്കണമെന്നുള്ളതാണു് ആലോചന ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

OORAKAM-ARATTUPUZHA ROAD—DAMAGE REGARDING

228. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഊരകത്തുനിന്നു് ആറാട്ടുപുഴയിലേക്കു പോകുന്ന റോഡിനു കലശലായ കേടുപറ്റിയിട്ടുള്ളതായി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വഴി ഗതാഗതയോഗ്യമാക്കുവാൻ ഗവണ്മെൻറ് വല്ല നടപടിയും എടുത്തുവോ; ഉവ്വെങ്കിൽ എന്നു; എന്തു നടപടിയാണു എടുത്തതു?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) തൽക്കാല റിപ്പയറുകൾ ഉടനടി നടത്തിയിട്ടുണ്ടു്. ഈ വഴി മുഴുവനും കരിങ്കല്ലു വിരിക്കുന്നതിനു് എസ്റ്റിമേറു് തയ്യാറാക്കി പണി കരാർ കൊടുത്തിട്ടുണ്ടു്.

PROFESSIONAL TAX—COLLECTION OF

229. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.

(എ) നമ്മുടെ രാജ്യത്തെ ഓരോരോ മുനിസിപ്പൽ അതൃത്തികളിലുള്ള വ്യാപാരികൾപക്കൽനിന്നും മറ്റു പലേ വിധത്തിൽ തൊഴിൽചെയ്തു് ഉപജീവനം കഴിക്കുന്ന കീഴ് ജീവനക്കാരുടെ പക്കൽനിന്നും തൊഴിൽ നികുതി വസൂലാക്കുന്ന ഒരു സമ്പ്രദായമുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ എന്തു അടിസ്ഥാനത്തിന്മേലാണു് ഈ നികുതി ചുമത്തുന്നതു;

(സി) എത്രവീതമാണു് ഓരോ തരക്കാരിൽനിന്നും വസൂൽചെയ്യുന്നതു;

(ഡി) ഫ ഫ ഉ ഠ, ഫ ഫ ഉ ഹ, ഫ ഫ ഉ ഉ എന്നീ കൊല്ലങ്ങളിൽ ഓരോരോ മുനിസിപ്പാലിറ്റിയും വ്യാപാരികളുടെ പക്കൽനിന്നും തൊഴിലാളികളുടെ പക്കൽനിന്നും വസൂൽചെയ്തിരിക്കുന്ന തൊഴിൽനികുതിയുടെ ശരിയായ ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ മനസ്സുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly